(ബി) ഈ സംവിധാനത്തിൽ നിന്നുമുള്ള ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിലേയ്ക്കുള്ള എക്സ്റ്റൻഷൻ പ്രവർത്തിയ്ക്കുന്നില്ല എന്നറിയിയ്ക്കുമോ;

(സി) ഈ സംവിധാനം പ്രവർത്തന ക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവർത്തനക്ഷമമാക്കാൻ ഉണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സംവിധാനത്തിന്റെ കേസിൽ ജോലികളുടെ കോൺട്രാക്റ്റ് ആർക്കാണ് നൽകിയിരിയ്ക്കുന്നതെന്ന് പറയുമോ;

(എഫ്) ഈ സംവിധാനം എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാമെന്ന് പറയുമോ?

ഉത്തരം

(എ) തൃശൂർ മെഡിക്കൽ കോളേജിൽ ഇ.പി.എ.ബി.എക്സ് സിസ്റ്റമാണ് നിലവിലുള്ളത്.

(ബി) ഫിസിക്കൽ എഡ്യൂക്കേഷൻ, ആഡിറ്റോറിയം, വർക്ക്ഷോപ്പ്, അക്കൗണ്ട്സ് തുടങ്ങിയ വിഭാഗങ്ങളിൽ എക്സ്റ്റൻഷൻ ഇപ്പോൾ പ്രവർത്തിയ്ക്കുന്നില്ല.

(സി) പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സാധാരണ ഗതിയിൽ കാലതാമസം ഉണ്ടാകാറില്ല.

(ഇ) ആർക്കും കോൺട്രാക്റ്റ് നൽകിയിട്ടില്ല.

(എഫ്) തകരാറുകൾ പരിഹരിച്ച് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതാണ്.

213 (2529) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ബ്ലഡ് ബാങ്ക് ടെക്നീഷ്യർമാർക്ക് ഹയർഗ്രേഡ് അനുവദിക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരായി നിയമിക്കപ്പെടുന്നതിന് നിലവിലുള്ള വിദ്യാഭ്യാസയോഗ്യതകൾ എന്തെല്ലാമാണ്;

(ബി) ഇവരുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാം ആണ്;

(സി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1 ആയിട്ടുള്ള എത്രപേരെ ഇതുവരെയായി സീനിയോറിറ്റി അടിസ്ഥാനത്തിൽ സയന്റിഫിക് അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്രപേർക്ക് സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പളസ്കെയിൽ അനുവദിച്ച് ഹയർ ഗ്രേഡ് നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഗ്രേഡ്-1 ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര ജീവനക്കാർ ഇപ്പോൾ സർവ്വീസിലുണ്ട്;

(എഫ്) ഈ ജീവനക്കാരിൽ ആരെങ്കിലും ബ്ലഡ് ബാങ്കിലെ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലും ഹയർഗ്രേഡും നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ജി) പ്രസ്തുത അപേക്ഷകളിൽമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഈ ജീവനക്കാർക്ക് പ്രസ്തുത ശമ്പളസ്കെയിൽ അനുവദിച്ചു ഹയർഗ്രേഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-2 ആയി നിയമിക്കപ്പെടുന്നതിന് ഒരു അംഗീകൃത സർവ്വകലാശാല യുടെ പ്രീഡിഗ്രി കോഴ്സ് പാസ്സായിരിക്കുകയും കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നിന്നും മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സാവുകയും വേണം.

(ബി) ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ്-1, സയന്റിഫിക് അസിസ്റ്റന്റ്, സീനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നിവയാണ് ഇവരുടെ പ്രൊമോഷൻ തസ്തികകൾ.

(സി) നാല്പേർക്ക് സയന്റിഫിക് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി) 8 വർഷം പൂർത്തിയാക്കിയ ആർക്കും തന്നെ സയന്റിഫിക് അസിസ്റ്റന്റിന്റെ സ്കെയിലിൽ ഹയർ ഗ്രേഡ് നൽകിയിട്ടില്ല.

(ഇ) ആറ് ജീവനക്കാർ.

(എഫ്)ശ്രീ. പി. രവീന്ദ്രൻ, ശ്രീ. ജയകുമാർ കെ.ബി. ശ്രീമതി ബീന. എൻ, ശ്രീമതി സുമ. കെ.പി എന്നിവർ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിലിൽ ഹയർഗ്രേഡ് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

(ജി) ഈ വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

214 (2530) റേഡിയോഗ്രാഫർമാരുടെ പ്രൊമോഷൻ

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 1992 മുതൽ ഉണ്ടായ റേഡിയോഗ്രാഫർ ഗ്രേഡ്-1 തസ്തികയിലെ റേഷ്യോ പ്രമോഷൻ നിർത്തിവച്ചിരിക്കുകയാണോ;

(ബി) ഈ തസ്തികയിലേക്ക് അർഹമായ പ്രൊമോഷൻ നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) അർഹരായ റേഡിയോഗ്രാഫർമാരുടെ പ്രൊമോഷൻ, കോടതി സ്റ്റേ ഉണ്ടെന്ന തെറ്റായ വാദഗതി ഉന്നയിച്ച് തടഞ്ഞുവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly